# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4787** **19.05.2017-ൽ മറുപടിയ്ക്ക്**

**<u>വലിയതുറ മത്സ്യഗ്രാമം പദ്ധതി</u>**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വലിയതുറ മത്സ്യഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വലിയതുറ മത്സ്യഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചത്; | ബി) ഭവന നിർമ്മാണ പദ്ധതിയ്ക്കായി 317.5 ലക്ഷം രൂപ ചെലവഴിച്ചിട്ടു ണ്ട്. വലിയതുറ മത്സ്യഗ്രാമത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി നാളിതുവരെ 8.60 കോടി രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെലവഴിച്ചിട്ടു ണ്ട്. |
| സി) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ വിശദമാക്കുമോ? | സി) ഈ പദ്ധതി പ്രകാരം 127 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസ യോഗ്യമായ ഭവനം നിർമ്മിച്ചിട്ടു ണ്ട്.<br><br>വലിയതുറ മത്സ്യഗ്രാമ പദ്ധതിയിലെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതു വഴി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നീ മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ചു. പദ്ധതി ഉടൻ തന്നെ കമ്മീഷൻ ചെയ്യും. അതു വഴി മേൽപറഞ്ഞ മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമത്തിനു ഒരു പരിഹാരം ആകും.<br><br>കൂടാതെ വലിയതുറയിൽ വൈദ്യുതീകരണം നടപ്പിലാക്കിയതിലൂടെ വോൾട്ടേജ് ക്ഷാമം ഉ ണ്ടായിരുന്നത് പരിഹരിച്ചു. ഹൈമാസ്റ്റ് ലൈറ്റ് മത്സ്യത്തൊഴിലാളികൾക്ക് രാത്രികാലങ്ങളിലെ മത്സ്യബന്ധനത്തിന് സഹായകരമായി. അംഗൻവാടികൾക്ക് സുരക്ഷിത കെട്ടിടങ്ങൾ നിർമ്മിച്ചത് വഴി മത്സ്യത്തൊഴിലാളി കുടുംബത്തിലെ |

കുട്ടികൾക്ക് സുരക്ഷിതമായ കെട്ടിടവും ക്ഷേമവും സംരക്ഷണവും വിദ്യാഭ്യാസവും നൽകാൻ സാധിച്ചു. വലിയതുറ ഫിഷറീസ് ആശുപത്രിക്ക് ആധുനിക സംവിധാനങ്ങളോടുകൂടി പുതിയ കെട്ടിടം ലഭ്യമായതിലൂടെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾക്കായി ദൂരപ്രദേശത്തുള്ള മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവായി. കൂടാതെ ഈ ആശുപത്രി ഇപ്പോൾ കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

# അനുബന്ധം

മുൻ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ വലിയതുറ മത്സ്യഗ്രാമത്തിലെ ഭവനരഹിതരായ 284 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 2.50 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 127 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടു ണ്ട്.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 9.37 കോടി രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ വലിയതുറ മത്സ്യഗ്രാമത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് കുടിവെള്ള പദ്ധതി | 300.00 | 300.00 | കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കുന്ന ടി പദ്ധതി പൂർത്തീകരിച്ച് ഉടൻ കമ്മീഷൻ ചെയ്യുമെന്ന് KWA അറിയിച്ചിട്ടു ണ്ട്. |
| 2 | വൈദ്യുതീകരണം, വലിയതുറ, | 336.42 | 336.419 | കേരള ഇലക്ട്രിസിറ്റി ബോർഡ് വഴി നടപ്പിലാക്കുന്ന ടി പദ്ധതി മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് KSEB അറിയിച്ചിട്ടു ണ്ട്. |
| 3 | അംഗൻവാടി നിർമ്മാണം, വലിയതുറ (3 എണ്ണം) | 63.00 | 42.13 | പദ്ധതി പൂർത്തീകരിച്ചു. പ്രവർത്തിച്ചു വരുന്നു. |
| 4 | വലിയതുറ ഫിഷറീസ് ആശുപത്രി കെട്ടിട നിർമ്മാണം | 150.00 | 146.31 | പദ്ധതി പൂർത്തീകരിച്ചു. പ്രവർത്തിച്ചു വരുന്നു. |
| 5 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (2 എണ്ണം) | 13.58 | 10.38 | പദ്ധതി പൂർത്തീകരിച്ചു. പ്രവർത്തിക്കുന്നു ണ്ട്. |
| 6 | കോസ്റ്റൽ റോഡ് നിർമ്മാണം, വലിയതുറ | 74.00 | 25.124 | 60% വർക്ക് ചെയ്തു തദ്ദേശവാസികളുടെ പ്രക്ഷോഭം കാരണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. |
| | ആകെ | 937.00 | 860.363 | |

സെക്ഷൻ ആഫീസർ